(ബി) ഇല്ല.

(സി) പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണവും തുടർ പ്രവർത്തനങ്ങളും പ്രവർത്തന വീഴ്ചകളും സംബന്ധിച്ച് വകുപ്പുതല യോഗങ്ങളിലും സെക്രട്ടറിതല യോഗങ്ങളിലും വിലയിരുത്തൽ നടത്താറുണ്ട്.

(ഡി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ നയപരിപാടികൾ, വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവർ സമർപ്പിക്കുന്ന പദ്ധതികളേയും നിർദ്ദേശങ്ങളേയും പൊതുവായി വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ സാധാരണയായി ഉൾപ്പെടുത്താറുള്ളത്. ഇത്തരത്തിൽ പ്രഖ്യാപിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിക്ഷിപ്തമാണ്. അതാത് സാമ്പത്തിക വർഷങ്ങളിൽത്തന്നെ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധാരണ ഗതിയിൽ ഭരണ വകുപ്പുകൾ നടപടി സ്വീകരിക്കാറുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കൽ, പാരിസ്ഥിതികാനുമതി തുടങ്ങിയ സാങ്കേതിക കാരണങ്ങളാലും മറ്റ് ഭരണപരമായ കാരണങ്ങളാലും പ്രഖ്യാപിച്ച ചില പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നിർവ്വഹണത്തിൽ വന്നുചേരുന്ന കാലതാമസം ഒഴിവാക്കുന്നതിന് വകുപ്പ് തലത്തിൽ പ്രത്യേക മേൽനോട്ടം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ വേളയിൽ സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും മറ്റും ഭരണ വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സൗജന്യ വൈദ്യുതി പോസ്റ്റുകൾ

1 (346) ശ്രീ. ഇ. പി. ജയരാജൻ .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധന ജനവിഭാഗങ്ങൾക്ക് വൈദ്യുതി കണക്ഷനുവേണ്ടി പോസ്റ്റുകൾ സൗജന്യമായി സ്ഥാപിച്ചു നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1-12-2014 വരെ അപേക്ഷിച്ച എല്ലാ ബി.പി.എൽ. അപേക്ഷകർക്ക് പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 Sq.ft.ൽ താഴെയുള്ള എ.പി.എൽ. അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി പോസ്റ്റ് ആവശ്യമുള്ള ഓവർഹെഡ് ലൈൻ സൗജന്യമായി നിർമ്മിച്ചുകൊണ്ടും കണക്ഷൻ നൽകിയിരുന്നു. കൂടാതെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് 30-9-2015 വരെ തുടർന്നും കണക്ഷൻ നൽകുന്നതിനു ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ ഈ 4 ജില്ലകളിൽ RGGVY പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.)-ൽ ഉൾപ്പെടുത്തിയും ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി പോസ്റ്റ് ആവശ്യമുള്ള ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുതി നിരക്ക്

2 (347) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ഏപ്രിൽ മാസത്തിൽ ഓരോ വിഭാഗത്തിനുമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നുവെന്നും 2015 ഏപ്രിൽ മാസത്തെ നിരക്ക് എത്രയാണെന്നും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് കൂട്ടിയെന്നും ഓരോ പ്രാവശ്യം കൂട്ടിയ തുക എത്ര വീതമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ 2011 ഏപ്രിൽ മാസത്തെയും 2015 ഏപ്രിൽ മാസത്തെയും വൈദ്യുതി നിരക്കുകൾ അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly